**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5886** **08-11-2021 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ വിദ്യാതരംഗിണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാതരംഗിണി വായ്പാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് 19 മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി പലിശരഹിത വായ്പ അനുവദിക്കുക, എന്നതായിരുന്നു വിദ്യാതരംഗിണി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. അതാതു സഹകരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പരമാവധി പ്രയോജനം ലഭ്യമാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (ബി) | ഇതിലൂടെ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വിദ്യാതരംഗിണി പദ്ധതി മുഖേനയുള്ള വായ്പകൾ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ലഭ്യമാക്കിയിരുന്നു. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. അപേക്ഷകർ സഹകരണ സംഘത്തിലെ എ ക്ലാസ്/ സി ക്ലാസ് മെമ്പർ ആയിരിക്കണം. വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് സൗകര്യം ചെയ്യുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്ക് നിർദ്ദേശം നൽകിയിരുന്നു. വായ്പയ്ക്ക് വേണ്ടിയുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും സംഘങ്ങൾ ഒന്നിച്ച് പരിഗണിച്ചിരുന്നു. ടി വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കണം. വായ്പ ലഭിച്ചിട്ടുള്ള ഉണഭോക്താക്കൾ വിദ്യാർത്ഥിയോ, രക്ഷാകർത്താവോ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കേണ്ടതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കണം. വായ്പാ കാലാവധിയ്ക്കു ശേഷം ബാക്കി |

| | | | |
|---|---|---|---|
| | | | നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതു ഉൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പയ്ക്ക് ബാധകമല്ല. ഈ പദ്ധതിയുടെ കാലാവധി ഇപ്പോൾ അവസാനിച്ചിട്ടുണ്ട്. |
| (സി) | പിറവം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | എറണാകുളം ജില്ലയിലെ പിറവം മണ്ഡലത്തിൽ വിദ്യാതരംഗിണി പദ്ധതി പ്രകാരം ആകെ 621 അപേക്ഷകൾ ലഭിക്കുകയും 621 വായ്പകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ